**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **17-09-2025 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ കൈതോല കൃഷി വ്യാപനത്തിനുള്ള പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ 2022-2023 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ക്രമ നമ്പർ 707 ആയി 20% തുക വകയിരുത്തി, 50 ലക്ഷം രൂപ അനുവദിച്ച കൈതോല കൃഷി വ്യാപനവും ആധുനികവൽക്കരണവും എന്ന പ്രവൃത്തി ഈ സർക്കാറിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യകതമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം - 2 വാല്യം-2 ൽ ക്രമ നമ്പർ 707 ആയി 50 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയും തൊഴിൽ വകുപ്പിനെ നിർവ്വഹണ വകുപ്പായി ചുമതലപ്പെടുത്തിയുമായിരുന്നു കൈതോല കൃഷി വ്യാപനവും, ആധുനിക വൽക്കരണവും എന്ന പദ്ധതി ആരംഭിച്ചത്. കൈപ്പമംഗലം എം.എൽ.എ യുടെ ആവശ്യപ്രകാരം 31.05.2025 ലെ സ.ഉ (സാധാ നം.4848/2025/ധന നമ്പർ ഉത്തരവിൽ നിർവഹണ വകുപ്പിനെ മാറ്റി വ്യവസായ വകുപ്പിന് ഈ പദ്ധതിയുടെ നിർവ്വഹണചുമതല നൽകി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൈപ്പമംഗലം എം.എൽ.എ യുടെ സാന്നിധ്യത്തിൽ ജൂലൈ 3-ന് പ്രാഥമിക യോഗം ചേർന്നിരുന്നു. എടവിലങ് പഞ്ചായത്തിന്റെ കീഴിൽ നിലവിലുള്ള കെട്ടിടത്തിൽ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, ആയതിനുള്ള എസ്റ്റിമേറ്റ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം ലഭ്യമാക്കു ന്നതിനും, സമാന്തരമായി ഗുണഭോക്താക്കളെ കണ്ടെത്തി അവർക്കുള്ള പരിശിലനം കീഡ്സ് കോട്ടപ്പുറം എന്ന സ്ഥാപനം മുഖേന നടത്തുന്നതിനും തീരുമാനിച്ചു. തുടർന്ന് കൈതോലപ്പായ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ നിലനിൽക്കുന്ന വെല്ലുവിളികൾ അറിയുന്നതിനും, അവ പരിഹരിക്കു ന്നതിനും പദ്ധതിയിലൂടെ ഇടപെടൽ നടത്തുന്നതിനുമായി എടവിലങ് പഞ്ചായത്ത് പ്രദേശത്തുള്ള തഴപ്പായ തൊഴിലാളികളുടെ അഭിപ്രായം ആരായുന്നതിനായി പഞ്ചായത്ത് 18.08.2025 ന് യോഗം ചേർന്നു.<br><br>മേൽ പറഞ്ഞ തരത്തിൽ പരിശീലനകേന്ദ്രം, മൂല്യവർധിത ഉൽപ്പന്ന നിർമ്മാണ പരിശീലനം, തുടങ്ങിയവ ഉൾപ്പെടുത്തി പദ്ധതി നടത്തുന്നതിനായി വിശദമായ പ്രൊപ്പോസൽ ഗ്രാമപഞ്ചായത്ത് മുഖേന |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കു ന്നതിന്, പഞ്ചായത്ത് അധികാരികളും, നൈപുണ്യപരിശീലന സ്ഥാപന പ്രതിനിധികളും, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുമായി 27.08.2025-ൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയും തുടർനടപടികൾ അപ്രകാരം സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് നൽകാമോ? | (ബി) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെ സംരംഭക സഹായ പദ്ധതി (ESS), പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസുകളുടെ ഔപചാരിക വൽക്കരണ പദ്ധതി (PMFME), ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE), എം.എസ്.എം.ഇ ഇൻഷുറൻസ്, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് (MMG NANO) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ്, ലോൺ മേള/സംരംഭക സഭ, ഫെസിലിറ്റേഷൻ കാമ്പയിൻ എന്നീ സംരംഭക പ്രോത്സാഹന പരിപാടികൾക്ക് സർക്കാർ പിന്തുണ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ